**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1078** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി.(വെന്റഡ് ക്രോസ് ബാർ ) കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; നാളിതുവരെ ആയതിന്റെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ദീർഘകാലമായി പ്രസ്തുത പ്രവൃത്തിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളതിന് കാരണമെന്തെന്ന് അറിയിക്കുമോ; | (എ) | **മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി.(വെന്റഡ് ക്രോസ് ബാർ) കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി 03.07.2025 –ന പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 30-10-2025 ന് ലഭിച്ചെങ്കിലും റിപ്പോർട്ടിലെ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ആയത് പരിഹരിച്ച് റിപ്പോർട്ട് പുതുക്കി സമർപ്പിക്കുന്നതിനായി 17.11.2025 തീയതിയിൽ മലപ്പുറം മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഡിസൈൻ ചെയ്യുന്നതും DPR തയ്യാറാക്കുന്നതും ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.** |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഡി. പി. ആർ. അടിയന്തരമായി ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ